**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 526** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഹില്ലി അക്വയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള കുപ്പിവെള്ള ഫാക്ടറിയായ ഹില്ലി അക്വയുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ; പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തന മികവിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കുപ്പിവെള്ളം നിർമ്മാണ ഫാക്ടറി ആയ **"ഹില്ലി അക്വാ"** തൊടുപുഴയിൽ 2015 ഓഗസ്റ്റ് 24 ന് ഔദ്യോഗികമായി ഉദ്ഘാടനം നടത്തി. 2021 ജനുവരി മാസം 16-ാം തീയതി മുതൽ അരുവിക്കരയിലെ പ്ലാന്റിലും (7 വർഷം പാട്ടത്തിന്) കെ.ഐ.ഐ.ഡി.സി. യുടെ കീഴിൽ പ്രവർത്തനമാരംഭിച്ചു.<br><br>സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ കുപ്പിവെള്ളം ലഭ്യമാക്കുന്നതിലേക്കായി **"സുജലം"** പദ്ധതി പ്രകാരം സംസ്ഥാനത്തെ റേഷൻ കടകൾ വഴിയും കൺസ്യൂമർഫെഡും അനുബന്ധ സ്ഥാപനങ്ങൾ വഴിയും ജയിലിലെ ഫ്രീഡം ഫുഡ് ഔട്ട് ലെറ്റിലൂടെയും കമ്പനി നേരിട്ട് നടത്തുന്ന ഔട്ട് ലെറ്റ് വഴിയും ഒരു ലിറ്റർ ഹില്ലി അക്വാ കുപ്പിവെള്ളം പത്തു രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ അര ലിറ്റർ 6.5 രൂപക്കും, രണ്ട് ലിറ്റർ 20 രൂപക്കും, 5 ലിറ്റർ കുപ്പിവെള്ളം 50 രൂപക്കും 20 ലിറ്ററിന് ജാറുൾപ്പെടെ 180 രൂപക്കും കുപ്പിവെള്ളം ടി സ്ഥാപനങ്ങൾ വഴി മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തി വരുന്നു.<br><br>ദക്ഷിണ റെയിൽവേ വഴി ഹില്ലി അക്വാ കുപ്പിവെള്ളം വിതരണം ചെയ്യുന്നതിന് 3 വർഷത്തെ കരാർ ലഭിക്കുകയും റെയിൽവേയുടെ സ്വന്തം ഉൽപ്പന്നമായ RAIL NEER ഇല്ലാത്ത സ്റ്റേഷനുകളിൽ വിതരണക്കാർ വഴി വില്പന നടത്തുകയും ചെയ്യുന്നു. കെ. എസ്. ആർ. ടി സി - യുടെ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലേക്കുള്ള ബസുകളിൽ കുപ്പിവെള്ളം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കാനും ധാരണയായിട്ടുണ്ട്. ആയതിന്റെ പരീക്ഷണ വില്പന ആരംഭിച്ചു.<br><br>കൊല്ലം ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് **"തണ്ണീർ"** എന്ന പദ്ധതിയിലൂടെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ, ഗവൺമെന്റ് ആശുപത്രികൾ മുഖേന കുപ്പിവെള്ളം വിതരണം നടത്തിവരുന്നു.<br><br>സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 40 ഓളം ഡീലർമാരെ നിയമിച്ച് കുപ്പിവെള്ള വിതരണം കുറഞ്ഞ നിരക്കിൽ നടത്തുന്നു. ഡീലർമാർ ഇല്ലാത്ത താലൂക്കിൽ പുതിയ ഡീലർമാരെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സ്വീകാര്യത വർദ്ധിക്കുന്നതനുസരിച്ച് കുപ്പിവെള്ളം കൂടുതൽ ഉല്പാദനം നടത്തുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനും സ്വീകരിച്ച നടപടി അറിയിക്കാമോ; | (ബി) | സ്വീകാര്യത വർദ്ധിക്കുന്നതനുസരിച്ച് കുപ്പിവെള്ളം കൂടുതൽ ഉല്പാദിപ്പിക്കാനായി, നിലവിലുള്ള തൊടുപുഴ പ്ലാന്റിൽ തന്നെ ഒരു അഡീഷണൽ പ്രൊഡക്ഷൻ ലൈൻ കൂടി സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ അരുവിക്കരയിൽ ശുദ്ധീകരിച്ച വെള്ളം കൂടുതൽ ലഭ്യമാകുന്നതിന് വേണ്ടി അഡീഷണൽ വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br><br>പെരുവണ്ണാമൂഴിയിൽ പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുകയും, വിശദമായ പ്രൊജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. കൂടാതെ ആലുവയിൽ ഇറിഗേഷൻ ഡിവിഷൻ ഓഫീസിന് സമീപം കമ്പനിക്ക് ലഭ്യമായ സ്ഥലത്ത് 20 ലിറ്റർ ജാറുകളിൽ ഗാർഹികം/വാണിജ്യ ആവശ്യത്തിനായുള്ള ശുദ്ധീകരിച്ച വെള്ളം ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 40 ഓളം ഡീലർമാരെ നിയമിച്ച് കുപ്പിവെള്ള വിതരണം കുറഞ്ഞ നിരക്കിൽ നടത്തുന്നു. ഡീലർമാർ ഇല്ലാത്ത താലൂക്കിൽ പുതിയ ഡീലർമാരെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | റെയിൽവേ/കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിലും സർക്കാർ ഓഫീസ് സമുച്ചയങ്ങളിലും കൂടുതലായി കുപ്പിവെള്ളത്തിന്റെ സ്റ്റോക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | താലൂക്ക് അടിസ്ഥാനത്തിൽ വിതരണക്കാരെ നിയമിച്ച് റെയിൽവേ, KSRTC, മറ്റു സർക്കാർ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ കുപ്പിവെള്ളം യഥാസമയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ ഏജൻസികളായ കൺസ്യൂമർഫെഡ്, സപ്ലൈകോ, റേഷൻകടകൾ എന്നിവ വഴി കുപ്പിവെള്ളം വില്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഉണ്ട്. സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ കുപ്പിവെള്ളം ലഭ്യമാക്കുന്നതിലേക്കായി **"സുജലം"** പദ്ധതി പ്രകാരം സംസ്ഥാനത്തെ റേഷൻ കടകൾ |

| | | | |
|---|---|---|---|
| | എങ്കിൽ അത്തരം കേന്ദ്രങ്ങളിലേക്ക് വിപണനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | വഴിയും കൺസ്യൂമർ ഫെഡും അനുബന്ധ സ്ഥാപനങ്ങൾ വഴിയും ജയിലിലെ ഫ്രീഡം ഫുഡ് ഔട്ട് ലെറ്റിലൂടെയും കമ്പനി നേരിട്ട് നടത്തുന്ന ഔട്ട് ലെറ്റ് വഴിയും ഒരു ലിറ്റർ ഹില്ലി അക്വാ കുപ്പിവെള്ളം പത്തു രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു .<br><br>നാളിതുവരെ കേരളത്തിൽ ഉടനീളം റേഷൻ കടകൾ വഴി 90 ലക്ഷം രൂപയുടെ കുപ്പിവെള്ളം വിതരണം നടത്തി. എന്നാൽ ഡീലർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ ഉടൻ ഡീലർമാരെ നിയമിച്ച് സമ്പൂർണ്ണമായി കടകളിൽ വിതരണം നടത്താനുള്ള നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ